# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 1765 — 04-10-2011-ൽ മറുപടിക്ക്

### വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കുള്ള ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്രപേർ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതാഘാതമേറ്റ് മരണം സംഭവിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ബോർഡ് ജീവനക്കാർ - 4<br>2. കരാർ തൊഴിലാളികൾ - 3<br>3. പൊതുജനങ്ങൾ<br>(i) ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും -24<br>(ii) വൈദ്യുതി ബോർഡിന്റെ ഉപകരണങ്ങളിൽ നിന്നും -26 |
| (ബി) | ഇതിൽ വൈദ്യുതിലൈനിലെ ജോലി ചെയ്യുന്നതിനിടയിൽ എത്ര പേർ ഷോക്കേറ്റ് മരിച്ചിട്ടുണ്ട്; | (ബി) | ബോർഡ് ജീവനക്കാർ - 4<br>കരാർ തൊഴിലാളികൾ - 3 |
| (സി) | ജോലിക്കിടെ മരണപ്പെടുന്നവർക്ക് ഇതിനകം എന്തെങ്കിലും ധന സഹായം പ്രഖ്യാപിക്കുകയോ നൽകുകയോ ചെയ്തിട്ടുണ്ടോ; | (സി) | നല്കിയിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ എത്രപേർക്ക് എത്ര രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | മരണപ്പെട്ട 4 ബോർഡ് ജീവനക്കാരിൽ 3 പേരുടെ ആശ്രിതർക്ക് 21,55,760/- രൂപയും, 3 കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 23,25,600/- രൂപയും നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ഇല്ലെങ്കിൽ ജോലിക്കിടെ മരണപ്പെടുന്നവർക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ